ഉത്തരം

പ്രതിമാസം ഏകദേശം 14.67 കോടി രൂപയാണ് കടിവെള്ള ചാർജ്ജ് വർദ്ധനവിലൂടെ പ്രതീക്ഷിക്കുന്നത്. 31-3-2014-ൽ പിഴയും പിഴപ്പലിശയും സർചാർജ്ജും ചേർത്ത് വെള്ളക്കര കുടിശ്ശികയിനത്തിൽ 613.78 കോടി രൂപ ലഭിക്കാനുണ്ട്.

കപ്പിവെള്ള ഫാക്ടറി

221 (929) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ കപ്പിവെള്ള വിതരണത്തിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയാണ് കപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുന്നത് ;

(സി) നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായി ;

(ഡി) ഫാക്ടറി എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അരുവിക്കര ജലശുദ്ധീകരണശാലയുടെ പരിസരത്താണ് കപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) കപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി) ടെണ്ടർ അനുമതി ലഭ്യമായാൽ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആറ്റിങ്ങൽ മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതി

222 (930) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കരവാരം, നഗരൂർ, പുളിമാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിന് KWA പ്രോജക്ട് വിഭാഗം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പ്രസ്തുത പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാവിധ സഹായവും വാഗ്ദാനം നൽകിയിട്ടുണ്ട് ഈ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; എത്ര ഭാഗങ്ങളിൽ സ്ഥലം എടുത്തെന്നതും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂർ, കരവാരം പുളിമാത്ത് പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിക്കായുള്ള കിണർ, പമ്പ് ഹൗസ്, ഭൂതല ജലസംഭരണി ഉപരിതല ജലസംഭരണി ഇവയ്ക്കായുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കൈമാറുന്നതാണെന്ന് 2014 നവംബർ 14-ന് ബഹുമാനപ്പെട്ട എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിൽ പഞ്ചായത്തുകൾ സമ്മതിച്ചതാണ്. അവ വാട്ടർ അതോറിറ്റിക്ക് കൈമാറുമ്പോൾ ഈ പദ്ധതിക്കായുള്ള വിശദമായ സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതും എസ്റ്റിമേറ്റ് കണക്കാക്കുന്നതുമാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

223 (931) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളുടെയും പേര്, അടങ്കൽത്തുക, പ്രവൃത്തികളുടെ പുരോഗതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് എന്നീ വകുപ്പുകൾ കാസർഗോഡ് ഡിവിഷനുകീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II, അനുബന്ധം III, അനുബന്ധം IV എന്നിവയായി ചേർത്തിരിക്കുന്നു.*

(സി) ജലനിധി :

ബാച്ച്-3-ൽ ഉൾപ്പെടുത്തി കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ജലനിധിയുടെ ചെറിയ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുമായി എ I കരാറിൽ ഒപ്പിടുന്നതിനുള്ള പദ്ധതികൾ ആരംഭ ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.